# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٤٩٥١٩٠٨٩٥

**തീയതി: 02/03/2018.**

**വിഷയം: “ ആദരവ് ആരാധനയല്ല ”**

ذلِكَ وَ مَنْ يُعَظِّمْ شَعائِرَ اللَّهِ فَإِنَّها مِنْ تَقْوَى الْقُلُوبِ ۞

﴿حج: ٣٢﴾

➢ രണ്ട് കാര്യങ്ങൾ ദീനിന്റെ മർമ്മമാണ്. ഒന്ന്: ആരാധന . ഇത് അല്ലാഹുവിന് മാത്രമേ പാടുള്ളൂ എന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല.

“ലാഇലാഹഇല്ലല്ലാ” എന്നതിന്റെ അർത്ഥം لا معبود بحق إلا الله എന്നാകുന്നു.

ഇബാദത്തിന്റെ പരിധിയിൽ വരുന്ന ഏത് കാര്യവും, അതെത്ര ചെറുതായിരുന്നാലും അല്ലാഹു അല്ലാത്ത ആർക്കും പാടുള്ളതല്ല. അവർ ആരായിരുന്നാലും ശരി.

أَمَرَ أَلَّا تَعْبُدُوا إِلَّا إِيَّاهُ ۚ ذَٰلِكَ الدِّينُ الْقَيِّمُ ﴿يوسف: ٤٠﴾

ഇത് ദീനിന്റെ അടിസ്ഥാന തത്വമാണ്.

➢ രണ്ട്: അല്ലാഹു ആദരിച്ചതിനെ ആദരിക്കൽ. വ്യക്തി, വസ്തു, സ്ഥലം, സമയം, ആശയം എന്നിങ്ങനെ ഏതും നാം ആദരിച്ചിരിക്കണം. <u>ഇത് തഖ്‌വയുള്ള വിശ്വാസിയുടെ അടയാളമാണ്.</u>

ذلِكَ وَ مَنْ يُعَظِّمْ شَعائِرَ اللَّهِ فَإِنَّها مِنْ تَقْوَى الْقُلُوبِ ۞

﴿حج: ٣٢﴾

ذَٰلِكَ وَمَن يُعَظِّمْ حُرُمَاتِ اللَّهِ فَهُوَ خَيْرٌ لَّهُ عِندَ رَبِّهِ

﴿حج: ٣٠﴾

അപ്പോൾ ഇബാദത്ത്, ആദരിക്കൽ എന്നിവ ദീനിലെ പ്രധാനമായ രണ്ട്സംഗതികളാണെന്ന് വ്യക്തമായി.

➢ എന്നാൽ ഇന്ന് രണ്ടുതരം രോഗങ്ങൾ വളർന്നുവന്നുകൊണ്ടിരിക്കുകയാണ്.

ഒന്ന്: ഇബാദത്തിന്റെ പേരും പറഞ്ഞ് മറ്റ് പലതിനെയും ആദരിക്കാതെ പോകുകയോ അനാദരിക്കുകയോ ചെയ്യുന്നു. ആദരവ് ആരാധനയാകുമെന്നവർ തെറ്റിദ്ധരിച്ചു.

രണ്ട്:ആദരവിന്റെ പേരിൽ ശരീഅത്ത് അംഗീകരിക്കാത്ത പലതും നടമാടുന്നു. ശരീഅത്ത് ഒരിക്കലും അംഗീകരിക്കാത്ത ഹറാം, കറാഹത്ത് എന്നിവ ആദരവിന്റെ മറവിൽ പലരും ചെയ്യുന്നു. ഇത് രണ്ടും തികച്ചും തെറ്റാണ്.

➢ ശരീഅത്തിന് വിധേയമായ ആദരവുകളേ പാടുള്ളൂ എന്ന് നബി (സ്വ) പഠിപ്പിച്ചു. ഉദാ: ആട് സുജൂദ് ചെയ്ത സംഭവം.

عَنْ أَنَسٍ قَالَ: دَخَلَ النَّبِيُّ ﷺ حَائِطًا لِلأَنْصَارِ وَمَعَهُ أَبُو بَكْرٍ،وَعُمَرُ فِي رِجَالٍ مِنَ الأَنْصَارِ وَفِي الْحَائِطِ غَنَمٌ فَسَجَدَتْ لَهُ،فَقَالَ أَبُو بَكْرٍ:يَا رَسُولَ اللَّهِ كُنَّا نَحْنُ أَحَقُّ بِالسُّجُودِ لَكَ مِنْ هَذِهِ الْغَنَمِ فَقَالَ إِنَّهُ لا يَنْبَغِي فِي أُمَّتِي أَنْ يَسْجُدَ أَحَدٌ لأَحَدٍ

(البداية والنهاية)

➢ അതേ നബി (സ്വ) തന്നെ ആദരവിന്റെ വഴികളെ ഇബാദത്തിന്റെ പേരിൽ തടഞ്ഞതേയില്ല. ഉദാ: നബി(സ്വ)യുടെ കൈകാലുകൾ മുത്തിയ സംഭവം. ഇമാംബുഖാരി (റ) ഉദ്ധരിക്കുന്നു.

عَنْ زَارِعٍ وَكَانَ فِي وَفْدِ عَبْدِ الْقَيْسِ قَالَ لَمَّا قَدِمْنَا الْمَدِينَةَ فَجَعَلْنَا نَتَبَادَرُ مِنْ رَوَاحِلِنَا فَنُقَبِّلُ يَدَ النَّبِيِّ ﷺ وَرِجْلَهُ (الأدب المفرد، ابوداود)

ഇതിനെ വ്യക്തി പൂജ എന്നോ അതിരു കടന്ന ആദരവ് എന്നോ പറയാവതല്ല. എങ്കിൽ നബി (സ്വ) അത് വകവെച്ച് കൊടുക്കില്ലായിരുന്നു. എന്നാൽ ആരാധനാമനസ്സോടെ ഇവയൊന്നും പ്രവർത്തിച്ചുകൂടാ എന്ന കാര്യം ഇവിടെ പ്രത്യേകം സ്മരണീയമാണ്. കൈമുത്തി ആദരിക്കൽ നബി (സ്വ) തങ്ങളിൽ മാത്രം പരിമിതമല്ല. ഇമാംബുഖാരി ഉദ്ധരിക്കുന്നു.

عَنْ صُهَيْبٍ قَالَ:رَأَيْتُ عَلِيًّا يُقَبِّلُ يَدَ الْعَبَّاسِ وَرِجْلَيْهِ (الأدب المفرد)

وَصَحَّ أَنَّ مُسْلِماً كَانَ يُقَبِّلُ يَدَ الْبُخَارِيِّ، وَيَقُولُ لَهُ:لَوْ أَذِنْتَ لِي لَقَبَّلْتُ رِجْلَكَ (أبو يعلي)

➢ ആലിമീങ്ങൾ, സജ്ജനങ്ങൾ തുടങ്ങിയവരുടെ കൈ മുത്തൽ സുന്നത്തായി കർമ്മശാസ്ത്രം പഠിപ്പിക്കുന്നു.

وَيُنْدَبُ ذَلِكَ لِنَحْوِ صَلَاحٍ أَوْ عِلْمٍ أَوْ شَرَفٍ ؛ لِأَنَّ أَبَا عُبَيْدَةَ قَبَّلَ يَدَ عُمَرَ رَضِيَ اللَّهُ عَنْهُمَا (تحفة)

قَالَ النَّوَوِى تَقْبِيلُ الْيَدِ لِنَحْوِ صَلَاحٍ أَوْ عِلْمٍ أَوْ شَرَفٍ وَنَحْوِ ذَلِكَ مِنَ الْأُمُورِ الدِّينِيَةِ لَا يُكْرَهُ بَلْ يُنْدَبُ (شرح مسلم)

➢ ആദരിക്കേണ്ടവർ കടന്ന് വരുമ്പോൾ എഴുന്നേറ്റ് നിന്ന് ആദരിക്കലും സുന്നത്താണ്. സജ്ജനങ്ങൾ, ഉലമാക്കൾ, മാതാപിതാക്കൾ, കാരണവന്മാർ തുടങ്ങിയവർ അതിൽപെട്ടവരാണ്.

وَيُسَنُّ الْقِيَامُ لِمَنْ فِيهِ فَضِيلَةٌ ظَاهِرَةٌ مِنْ نَحْوِ صَلَاحٍ أَوْ عِلْمٍ أَوْ وِلَادَةٍ أَوْ نَسَبٍ (تحفة: ٢٢٩/٩)

ഇത് നബി(സ്വ) നിരോധിച്ച നിർത്തമല്ല. ഫ്യൂഡൽ വ്യവസ്ഥിതിയുടെ ഭാഗമായി തമ്പ്രാക്കളും നേതാക്കളും കടന്ന് വന്നാൽ അവർ പോകുവോളം <u>ഇരിക്കാതെ നിന്ന നിൽപ്പ് നിൽക്കുന്നതിനെയാണ്</u> നബി(സ്വ) നിരോധിച്ചത്.

قَالَ الْقَاضِي:وَلَيْسَ هَذَا مِنَ الْقِيَامِ الْمَنْهِيِّ عَنْهُ،وَإِنَّمَا ذَلِكَ فِيمَنْ يَقُومُونَ عَلَيْهِ وَهُوَ جَالِسٌ، وَيَمْثُلُونَ قِيَامًا طُولَ جُلُوسِهِ(مرقاة)

മറിച്ച് എഴുന്നേറ്റ് നിന്ന് ആദരിക്കുന്നതിനെ ദീൻ എവിടെയും എതിർത്തിട്ടില്ല.

وَلَمْ يَصِحَّ فِي النَّهْيِ عَنْهُ شَيْءٌ صَرِيحٌ (شرح مسلم)

സഅ്ദ്ബ്നു മുആദ് (റ) വന്നപ്പോൾ അവരെ ചെന്ന് സ്വീകരിക്കാൻ നബി(സ്വ) കൽപ്പിച്ചു.

**عَنْ أَبِي سَعِيدٍ أَنَّ أَهْلَ قُرَيْظَةَ نَزَلُوا عَلَى حُكْمِ سَعْدٍ فَأَرْسَلَ النَّبِيُّ ﷺ إِلَيْهِ فَجَاءَ فَقَالَ قُومُوا إِلَى سَيِّدِكُمْ (متفق عليه)**

ഇതിന്റെ വ്യാഖ്യാനത്തിൽ നവവി(റ) പറയുന്നു.

**فِيهِ إِكْرَامُ أَهْلِ الْفَضْلِ وَتَلَقِّيهِمْ بِالْقِيَامِ لَهُمْ إِذَا أَقْبَلُوا ، هَكَذَا احْتَجَّ بِهِ جَمَاهِيرُ الْعُلَمَاءِ لِاسْتِحْبَابِ الْقِيَامِ (شرح مسلم)**

അല്ലാഹു ആദരിച്ചവരെ ആദരിക്കുന്നതിന്റെ ഭാഗമാണ് ഇതെല്ലാം. ഇതാണ് നൂറ്റാണ്ടുകളായി ഇസ്‌ലാമിന്റെ ചരിത്രം.
ഇതൊക്കെ ആരാധനയും അത്യാചാരവുമായി ആക്ഷേപിക്കുന്നതിന് നീതിയല്ല. ചരിത്രപരമല്ല. പ്രമാണബദ്ധമല്ല.

**∆ ∆ ∆**